൨൦൨൬

എഴുത്ത്

പച്ചയായ എഴുത്ത്

പച്ചമലയാളം
pachamalayalamproject@gmail.com

2026 ജനുവരി പതിപ്പ്

എഴുത്ത്

പച്ചയായ എഴുത്ത്

പച്ചമലയാളത്തിന്റെ വളർച്ചയ്ക്കും പടർച്ചയ്ക്കും വേണ്ടിയുള്ള ഒരു എളിയ നീക്കം.

2026 ജനുവരി

ഉള്ളടക്കം

@ എഴുത്ത്
ezhutt.wordpress.com

പുറത്തിറക്കൽ
പച്ചമലയാളം പ്രോജക്റ്റ്
pachamalayalamproject@gmail.com

എഴുത്തിലേക്ക് ഉള്ളടക്കങ്ങൾ മേൽ കാണുന്ന വിലാസത്തിലേക്ക് അയയ്ക്കാവുന്നതാണ്.

എഴുത്ത് കേരളം

പച്ചമലയാള മുന്നേറ്റത്തിന് ഒരു മുന്നുര

പത്തൊമ്പതാം നൂറ്റാണ്ടിൽ കൊടുങ്ങല്ലൂർ കുഞ്ഞിക്കുട്ടൻ തമ്പുരാൻ മലയാളം എഴുത്തുകലയിൽ തുടങ്ങിവച്ച ഒരു മുന്നേറ്റമാണ് പച്ചമലയാള മുന്നേറ്റം. അതുകൊണ്ടുതന്നെ മലയാളമൊഴിയുടെ പുതിയ പൊഴുതിൽ ഉടലെടുത്തിട്ടുള്ള മുന്നേറ്റങ്ങളിൽ ഒന്നുകൂടിയാണിത്. മലയാള എഴുത്തുകല 'മലയാളിത്തം' വീണ്ടെടുത്തത് പച്ചമലയാള മുന്നേറ്റം പോലെയുള്ള നീക്കങ്ങളിലൂടെയാണെന്ന് അടിവരയിട്ടു പറയാം. മലയാളം പുതുപൊഴുതിന്റെ പടിചവിട്ടുമ്പോൾ മുന്നിൽ ഒട്ടേറെ വെല്ലുവിളികളുണ്ടായിരുന്നു. മറ്റുമൊഴികളുടെ കുത്തൊഴുക്ക് മലയാളത്തെ മലയാളമല്ലാതാക്കി തീർക്കും എന്നൊരു ഇട വന്നപ്പോഴാണ് പച്ചമലയാള മുന്നേറ്റം ഉടലെടുത്തത് എന്ന് കാണാം. പിന്നീട് അങ്ങോട്ട് മലയാള എഴുത്തുകലയിൽ ഉണ്ടായ വമ്പിച്ച മാറ്റങ്ങൾക്ക് ഈ മുന്നേറ്റം ഒരു അടിത്തറയായി മാറിയിട്ടുമുണ്ട്. കുഞ്ഞിക്കുട്ടൻ തമ്പുരാന്റെ ഇടപെടൽ മലയാളത്തിന്റെ തനിമയും തെളിമയും എളിമയും വീണ്ടെടുക്കണമെന്ന ഒരു ഓർമ്മപ്പെടുത്തൽ കൂടിയായിരുന്നു. സംസ്കൃതത്തിന്റെയും ഇംഗ്ലീഷിന്റെയും തലയെടുപ്പിൽ പിന്നിലേക്കു തള്ളിനീക്കപ്പെട്ട മലയാളത്തെ മേപ്പടി മുന്നേറ്റം കൈപിടിച്ച് ഉയർത്തുകയായിരുന്നു. മറ്റുമൊഴികൾ മലയാളത്തെ മെച്ചപ്പെടുത്തുകയല്ല കഴുത്തുഞെരിച്ചു കൊല്ലുകയാണെന്ന പച്ചയായ നേർക്കാഴ്ചയെയാണ് പച്ചമലയാള മുന്നേറ്റം വെളിച്ചത്തുകൊണ്ടുവന്നത്. കുളിപ്പിച്ച് കുളിപ്പിച്ച് കുട്ടിയെ ഇല്ലാതാക്കി എന്നു പറയുംപോലെ കടമെടുത്ത് കടമെടുത്ത് മലയാളത്തെ ഇല്ലാതായിക്കൊണ്ടിരുന്ന വേളയിലാണ് കുഞ്ഞിക്കുട്ടൻ തമ്പുരാനും കൂട്ടരും എത്തുന്നത്. എത്രകണ്ട് കുറ്റപ്പെടുത്തിയാലും ഇകഴ്ത്തിക്കാട്ടിയാലും കുറച്ചുകാണിക്കാൻ നോക്കിയാലും പച്ചമലയാള മുന്നേറ്റം തെളിച്ചിട്ട വഴിയിലൂടെതന്നെ ഒടുവിൽ മലയാളം എത്തിച്ചേരുക തന്നെ ചെയ്യും. പച്ചമലയാള മുന്നേറ്റം പിച്ചവയ്ക്കുന്നതിനു മുന്നേതന്നെ മലയാള എഴുത്തുകലയിൽ തെന്നിയും തെറിച്ചും അതുപോലുള്ള ഒറ്റപ്പെട്ട ചില ഒരുമ്പെടലുകൾ പലരും നടത്തിയതായി കാണാനാകും. ചെറുശ്ശേരിയും, കുഞ്ചൻ നമ്പ്യാരും മലയാളത്തിന്റെ വാമൊഴിയെ വാനോളം എടുത്തുയർത്തിയത് ഒന്നും മുന്നിൽ കാണാതെയല്ല. അറിവാളികൾക്കും അതില്ലാത്തവർക്കും ഒരുപോലെ ഉൾക്കൊള്ളാൻ കഴിയുന്ന മട്ടിൽ മലയാള എഴുത്തുകലയെ അവർ പൊതുമതിപ്പുള്ളതാക്കി മാറ്റി. ഒരു മൊഴിയെ അതിന്റെ എല്ലാ മട്ടിലും എടുത്തുപെരുമാറുന്നത് കാണാനാവുക എപ്പോഴും അതിന്റെ അടിത്തട്ടുകളിലാണ്. ഏച്ചുകെട്ടലുകളില്ലാതെ പച്ചയായ മൊഴി പൊതുവിടങ്ങൾ എത്ര ചുറുക്കോടെയാണ് നിലനിൽക്കുന്നതെന്ന് ചെറുശ്ശേരിയും, കുഞ്ചൻ നമ്പ്യാരും തിരിച്ചറിഞ്ഞിട്ടുണ്ടാവാം. പച്ചമലയാള മുന്നേറ്റവും അത്തരത്തിൽ വാമൊഴിയെയാണ് അതിന്റെ അടിത്തറയായി ഉൾക്കൊണ്ടത്. അതിലൂടെ ആ നാളുകളിൽ പൊതുവിടങ്ങളിലെന്ന പോലെതന്നെ എഴുത്തുകലയിലും നിലനിന്നിരുന്ന ഉയർച്ചതാഴ്ചകളുടെ വൻമതിൽ തച്ചുടയ്ക്കാൻ മുന്നേറ്റത്തിനായി എന്ന് വിലയിരുത്തുന്നതിൽ തെറ്റില്ല. എഴുത്തിലേക്ക് തീരെ ചുരുങ്ങിപ്പോയതാണ് പച്ചമലയാള മുന്നേറ്റമെന്ന് കുറ്റപ്പെടുത്തുന്നവർ അതിന്റെ മറുപുറങ്ങൾ കാണാത്തവരാണ്.

എന്തുകൊണ്ട് പച്ചമലയാളം?

മലയാളം വളരണമെങ്കിൽ കടമെടുപ്പിന്റെ അളവ് എത്രത്തോളം കൂട്ടാമോ അത്രത്തോളം കൂട്ടണമെന്നാണ് ചിലരുടെ നിലപാട്. അതിനവർ ഇംഗ്ലീഷിനെ വച്ചാണ് മലയാളത്തെ ഒത്തുനോക്കുന്നത്. അതിൽനിന്നും തന്നെ ഇതിൽ ഇക്കൂട്ടർക്ക് എത്രത്തോളം അറിവും ഉണർവ്വും ഉണ്ടെന്ന് തിരിച്ചറിയാനാവും. ഇംഗ്ലീഷ് വളർന്നത് വാക്കുകൊണ്ടല്ല തോക്കുകൊണ്ടാണെന്നത് തെളിനീരുപോലെ തെളിവാണ്. ഇംഗ്ലീഷിനെ മലയാളവുമായി തട്ടിച്ചുനോക്കുന്നവർ പലതും വിഴുങ്ങുന്നുണ്ട് എന്നത് പറയാതെ വയ്യ. പടയോട്ടങ്ങളിലൂടെയും പിടിച്ചടക്കലുകളിലൂടെയും ഇംഗ്ലീഷ് മൊഴി പാരെങ്ങും പരന്നു. ആ വളർച്ചയുടെ ഒഴുക്കിൽ ഒരുപാട് വാക്കുകൾ ഇംഗ്ലീഷിലേക്ക് കടന്നുവരുകയും ചെയ്തിട്ടുണ്ട്. എന്നാൽ മലയാളത്തിന് അത്തരത്തിൽ ഒരു പഴക്കമുണ്ടായിട്ടില്ല. സംസ്കൃതവും, ഇംഗ്ലീഷും ഒഴിച്ചുനിർത്തിയാൽ മറ്റുമൊഴികളിൽനിന്നും മലയാളത്തിലേക്ക് വാക്കുകൾ ഏറെയും കടന്നുവന്നത് കച്ചവടത്തിലൂടെയാണെന്ന് കാണാവുന്നതാണ്. അതായത് അത്തരം വാക്കുകൾ വാമൊഴിയിൽനിന്നും വരമൊഴിയിലേക്ക് എത്തിയവയാണ്, തെരുവിൽ പറഞ്ഞുപഴകി എഴുത്തിലെത്തിയ വാക്കുകൾ. അതുകൊണ്ടുതന്നെ അത്തരം വാക്കുകൾ തനതായ മലയാളപ്പെടുത്തലിന് കീഴ്പ്പെട്ടവയും മലയാളത്തിന്റെ ചട്ടങ്ങളോട് ഒത്തുപോകുന്നവയുമാണ്. എന്നാൽ വരമൊഴിയിൽനിന്നും വാമൊഴിയിലേക്ക് വന്നെത്തിയ വാക്കുകളിൽ ഒരു ഏച്ചുകെട്ടൽ കാണാൻ കഴിയും. അവ മലയാളത്തിന്റെ ചട്ടങ്ങളോട് ഇണങ്ങാതെ നിലനിൽക്കുന്നു.

ഇനി മേൽപ്പറഞ്ഞതൊക്കെ തന്നെ ഒഴിച്ചുനിർത്തിക്കൊണ്ട് ഇംഗ്ലീഷിനെ ഒരു മൊഴിയെന്ന നിലയിൽ അഴിച്ചുപിരിത്തു നോക്കിയാൽ പൊരുത്തക്കേടുകളുടെ പടുമലയാണ് ഇംഗ്ലീഷെന്ന് കാണാവുന്നതാണ്. ഉയർന്ന അളവിൽ കടമെടുത്തതുകൊണ്ടു തന്നെ പൊരുത്തക്കേടുകളും ഇംഗ്ലീഷിൽ അത്രയ്ക്കുണ്ട്. അതിന്റെ ഏറ്റവും വലിയ എടുത്തുകാട്ടലാണ് ഇംഗ്ലീഷ് വാക്കുകളുടെ എഴുത്തും ചൊല്ലുത്തും. ഇംഗ്ലീഷിൽ എഴുതുന്നത് ഒരുമട്ടിലും പറയുന്നത് മറ്റൊരു മട്ടിലുമാണ്.

ഇത്തരത്തിലുള്ള എഴുത്തുചൊല്ലുത്തു പൊരുത്തക്കേടുകൾ മലയാളത്തിലും ഉണ്ടെന്ന് പറഞ്ഞാൽ ചിലപ്പോൾ അത് ഉൾക്കൊള്ളാൻ പാടായിരിക്കും. എന്നാൽ നേരുപറഞ്ഞാൽ സംസ്കൃതവാക്കുകൾ മലയാളത്തിൽ എഴുതുന്നതും ചൊല്ലുന്നതും രണ്ടുമട്ടിലാണ്. 'വാദം', 'വാതം'; 'നാഗം', 'നാകം' മുതലായ വാക്കുകൾ വെവ്വേറെ എഴുത്തുകളാൽ എഴുതുന്നുവെങ്കിലും വാമൊഴിയിൽ അവ ഒരേപോലെയാണ്. കൂടാതെ **ഖ, ഘ, ഛ, ഝ, ഠ, ഢ, ഥ, ഫ, ഭ** മുതലായവയുടെ ചൊല്ലുത്ത് മലയാളികളുടെ നാവിൽ പൊതുവെ വഴങ്ങാറില്ല. അതിനു പിന്നിൽ തെളിവായ ഒരു പൊരുട്ടുമുണ്ട്. മേൽപ്പറഞ്ഞ പോലുള്ള എഴുത്തുകൾ മലയാളത്തിൽ തനതായി ഉള്ളവയല്ല, അവ പിന്നീട് സംസ്കൃതത്തിൽനിന്നും കടമെടുത്തവയാണ്. അതുകൊണ്ടുതന്നെ അവയെ ചുറ്റിപ്പറ്റി ഒട്ടേറെ പൊരുത്തക്കേടുകളും മലയാളത്തിൽ നിലനിൽക്കുന്നുണ്ട്.

മേൽപ്പറഞ്ഞ മട്ടിലുള്ള പൊരുത്തക്കേടുകൾ മലയാളമൊഴിയുടെ കെട്ടുപാടിലും കാണാനാകും. മലയാളം തുടർക്കണ്ണികൾപോലെ വാക്കുകൾ കോർത്തിണക്കുന്ന ഒരു മൊഴിയാണ്. എന്നാൽ സംസ്കൃതത്തിന്റെ കെട്ടുപാട് മറ്റൊരു മട്ടിലാണ്.

മലയാളത്തിൽ ഇടമുറിയാതെ എത്ര വലിയ ഉള്ളടക്കവും എഴുതാൻ കഴിയും. മലയാളം, തമിഴ്, കന്നഡ, തുർക്കി, കൊറിയൻ തുടങ്ങിയ മൊഴികൾ 'ഒട്ടിപ്പുമൊഴികളാണ്'(agglutinative languages). അതായത് ഒരു വാക്കിൽ തന്നെ അതിന്റെ എല്ലാ വടിവങ്ങളെയും ഒന്നിനു പിറകെ ഒന്നായി ഒട്ടിച്ചുവയ്ക്കാൻ കഴിയും. "കരുതൽ' എന്ന വാക്കിനോട് എച്ചങ്ങൾ ചേർത്താൽ 'കരുതലോടെ', "കരുതലില്ലാത്ത', "കരുതലുള്ള', "കരുതലുള്ളവൻ', "കരുതലുള്ളവർ', "കരുതലില്ലാത്തവർ' എന്നിങ്ങനെ ഒട്ടേറെ വടിവുകൾ പടയ്ക്കാൻ കഴിയും. എന്നാൽ എത്ര നീളം കൂടിയാലും 'കരുതൽ' എന്ന വാക്കിനെ അതിൽനിന്നും എളുപ്പം വേർതിരിച്ചെടുക്കാനും കഴിയും. സംസ്കൃതം, ഇംഗ്ലീഷ് പോലുള്ള മൊഴികളുടെ കെട്ടുപാട് ഇങ്ങനെയല്ല. "run", "ran" ഇവിടെ റൺ എന്ന വാക്കിന് അടിമുടി മാറ്റം ഉണ്ടായതായി കാണാം.

ഇനി മറ്റൊരു പൊരുത്തക്കേട് കാണാം. 'ആവശ്യം' എന്ന സംസ്കൃത വാക്കിന്റെ എതിരുര 'അനാവശ്യം' എന്നാണല്ലോ. 'അനാവശ്യം' എന്നത് സംസ്കൃതവഴക്കമാണ്. ഇതിനെ മലയാളമാക്കിയാൽ 'ആവശ്യമില്ലായ്മ' എന്നാകും. ആവശ്യമില്ലാത്തവൻ, ആവശ്യമില്ലാത്തവൾ തുടങ്ങി പല വാക്കുകൾ മലയാള കീഴ്വഴക്കങ്ങൾക്കൊണ്ട് ഉണ്ടാക്കാനുമാകും. എന്നാൽ 'അനാവശ്യൻ', 'അനാവശ്യ' എന്നൊന്നും പറയാൻ കഴിയില്ലല്ലോ. കടമെടുക്കുന്ന വാക്കുകളുടെ ഇങ്ങനെ ചില പോരായ്മകൾ മലയാളത്തിലുണ്ടാകാറുണ്ട്.. ഇംഗ്ലീഷിൽ നിന്നും കടമെടുക്കുമ്പോഴും ഇതേ കുഴപ്പങ്ങൾ നിലനിൽക്കുന്നു. 'സ്റ്റാറ്റിസ്റ്റിക്സ്' എന്ന വാക്ക് കടമെടുത്തെന്നു കരുതുക. അപ്പോൾ 'സ്റ്റാറ്റിസ്റ്റിക്കൽ' എന്നതിന്റെ മലയാളം എന്താകും? "സ്റ്റാറ്റിസ്റ്റിക്കലായ' എന്നും 'സ്റ്റാറ്റിറ്റിക്കുപരമായ' എന്നും എഴുതാൻ കഴിയില്ലല്ലോ. അന്നേരം 'സ്റ്റാറ്റിറ്റിക്സിന്റെ' കൂടെ ഇംഗ്ലീഷിൽനിന്നും 'സ്റ്റാറ്റിസ്റ്റിക്കൽ' എന്നതുകൂടി മലയാളത്തിലേക്ക് കടമെടുക്കേണ്ടി വരും. ഇങ്ങനെ കടമെടുത്താൻ ഒടുക്കം മലയാളത്തിന്റെ കെട്ടുപാടിന് പകരം ഇംഗ്ലീഷിന്റെ കെട്ടുപാട് മലയാളത്തിൽ നിറഞ്ഞാടുകയും ചെയ്യും.

മൂന്നാമതായി കടമെടുപ്പുകൊണ്ട് ഉടലെടുക്കുന്ന ഒരു കുഴപ്പം വാക്കുകളുടെ പൊരുൾ ഉൾക്കൊള്ളുന്നതിലാണ്. മലയാളത്തിൽ അറിവുകളുമായി ചുറ്റിപ്പറ്റിയ വാക്കുകൾ കൂടുതലും സംസ്കൃതത്തിൽനിന്നും ഇംഗ്ലീഷിൽനിന്നും കടമെടുത്തവയാണ്. 'ക്വഥനാങ്കം' എന്നത് ഇംഗ്ലീഷിലെ 'boiling point' എന്ന വാക്കിന് മലയാളത്തിൽ ഉണ്ടായിരുന്ന വാക്കാണ്. ഈ വാക്ക് സംസ്കൃതത്തിൽനിന്നും കടമെടുത്തതുമാണ്. എന്നാൽ പിന്നീട് ഇത് 'തിളനില' എന്ന് മലയാളത്തിൽ ആക്കേണ്ടിവന്നു. അതുപോലെ ഒരു വാക്കാണ് 'വിരരൂപ പരിശോഷിക'. കേൾക്കുന്നവർ വാപൊളിച്ച് നിന്നുപോകുന്ന ഈ വാക്ക് ഇംഗ്ലീഷിലെ 'appendix' ആണ്. തമിഴിൽ ഇതിനെ കുടൽവാൽ എന്നാണ് പറയുന്നത്. മലയാളികൾക്കും എളുപ്പം തിരിച്ചറിയാൻ കഴിയുന്ന ഒരു വാക്ക്. മലയാളത്തിൽ ഇതിനെ കുടലറ്റം എന്ന് വിളിക്കുന്നതിൽ എന്താണ് കുറച്ചിൽ? തനി മലയാളവാക്കുകളെ തഴയുകയും അവ പെരുമാറുന്നതിൽ കുറച്ചിൽ കാണുകയും ചെയ്യുന്ന മിടുക്കന്മാരാണ് മലയാളത്തിന്റെ കീഴ്പ്പോട്ടുപോക്കിന്റെ നാരായവേര്. ഇത്തരത്തിലുള്ള തെറ്റായ കാഴ്ചപ്പാടുകളെ കീഴ്മേൽ മറിച്ചാലേ മലയാളം വളരുകയുള്ളൂ.

നാടും കാടും

നാട് എന്ന വാക്കിന്റെ ഉറവിടം ചികഞ്ഞുള്ള പോക്ക് കൊണ്ടെത്തിച്ചത് മലയാളം ഉൾപ്പെടുന്ന ദ്രാവിഡ തറവാട്ടിലുള്ള മൊഴികളുടെ ചില കാണാപ്പുറങ്ങളിലേക്കാണ്. സംസ്കൃതത്തിന്റെ തലയെടുപ്പിനു മുന്നിൽ ഒട്ടുമിക്കപ്പോഴും അരുകുതള്ളപ്പെടുന്ന മൊഴികളാണ് ദ്രാവിഡ മൊഴികൾ. എന്നാൽ സംസ്കൃതം ഉൾപ്പെടെയുള്ള ഇൻഡോ-ആര്യൻ മൊഴികൾ ഇന്ത്യയിലേക്ക് എത്തുന്നതിനും എത്രയോ മുമ്പ് തന്നെ ദ്രാവിഡ മൊഴികൾ ഇവിടെ ഉണ്ടായിരുന്നു.

തമിഴൊഴികെയുള്ള ദ്രാവിഡമൊഴികളിൽ സംസ്കൃതത്തിന്റെ വലിയ കുത്തൊഴുക്ക് കാണാനാകും. എന്നിരുന്നാൽ തന്നെയും അവയുടെയെല്ലാം അടിപ്പടവുകൾ ദ്രാവിഡമാണ്. ഈ നിലയിൽ വേറിട്ടു നിൽക്കുന്ന ഒരേയൊരു ദ്രാവിഡ മൊഴി തമിഴാണ്. 'ഉടൽ മണ്ണുക്ക് ഉയിർ തമിഴുക്ക്' എന്ന ഇരുവർ പടത്തിലെ പാട്ട് കേൾക്കുമ്പോൾ തമിഴർക്ക് അവരുടെ തായ്മൊഴിയോടുള്ള പറ്റ് എത്രത്തോളമുണ്ടെന്ന് ഓർത്തുപോകുന്നു. ആ ഒരു നിലയിലേക്ക് തമിഴരെ കൊണ്ടെത്തിച്ചതിനു പിന്നിൽ അന്നാട്ടിൽ പൊട്ടിമുളച്ച ചേരിചായ്മാനങ്ങൾക്കുള്ള പങ്ക് കണ്ടില്ലെന്ന് വയ്ക്കാനാകില്ല. കേരളത്തെ ഒന്നിപ്പിക്കാൻ ഇടയായി എന്നതിനപ്പുറം മലയാളക്കരയിൽ മലയാളത്തിന് കോമ്പുറയുടേതായ ഒരു മുകം നേടാൻ കഴിഞ്ഞില്ല എന്നത് ഒരു തരത്തിൽനിന്ന് നോക്കിയാൽ മലയാളികളുടെ ഒരു വലിയ വീഴ്ച തന്നെയാണ്.

തലക്കെട്ടിലേക്ക് മടങ്ങിവരുകയാണെങ്കിൽ **നാട്** എന്ന വാക്കിന്റെ ഉറവിടം 'നടു-' (നടുക) എന്ന വേരിൽനിന്നുമാണ്. വിളവിനുവേണ്ടി വിത്തുകൾ നട്ടുവളർത്താൻ തുടങ്ങിയ ഇടങ്ങൾ നാടുകളാകുകയും അതല്ലാത്തിടങ്ങൾ കാടുകളായി തുടരുകയും ചെയ്തു. നാടിന്റെ എതിരുരയാണല്ലോ കാട്. 'നാടൻ' എന്ന വാക്കും 'കാടൻ' എന്ന വാക്കും തട്ടിച്ചുനോക്കിയാൽ 'നാട്' എന്നതിന്റെ അകപ്പൊരുൾ 'വിളക്കിത്തെളിച്ച' എന്തിനെയോ കുറിയ്ക്കുന്ന ഒരു തോന്നൽ ഉളവാക്കുന്നതാണ്. അതേനേരം 'കാടൻ' എന്നത് കൊടിയതും പരുക്കനുമായ ഒരു തോന്നൽ ഉളവാക്കുകയും ചെയ്യുന്നു. കാടിന്റെ താവേര് 'കാ' എന്ന ഓശയാണ്. 'കാ' എന്നാൽ കാക്കുന്നത് എന്ന് പൊരുൾ. അത്തരത്തിൽ കാട് 'കാക്കുന്ന ഇടമാകാം'. എന്നാൽ ആരെ? എന്തിനെ? എന്നതിനൊക്കെ മറുപടി നൽകാൻ പാടായിരിക്കും. കാടുതെളിച്ചാണല്ലോ നാടുണ്ടാകുന്നത്. കാടിന്റെ കാവൽ വിട്ടെറിഞ്ഞ് വന്നവർ പിന്നീട് നാടുമായി ഏറേ പഴകുകയും കാടുമായി ഏറെ അകലുകയും ചെയ്തതുകൊണ്ടാകാം നാടിന്റെയും കാടിന്റെയും പൊരുളുകളും തമ്മിൽ അകന്നത്.

പുതിയ വാക്കുകൾ

ഇരുമുനപ്പ്

diode

ഒരു വശത്തേക്ക് മാത്രം വൈദ്യുത ഒഴുക്ക് സാധ്യമാക്കുന്ന ഇരു പുറങ്ങളുള്ള ഒരു വൈദ്യുത ഉപകരണം

നിലവിവരം

statistics

സ്ഥിതിവിവരത്തെ പറ്റിയുള്ള ശാസ്ത്രം

മിന്നഞ്ചൽ

e-mail

ഇന്റർനെറ്റുവഴി നടത്തുന്ന കത്തിടപാടുകൾ. തമിഴിൽ മിന്നഞ്ചൽ എന്നും കന്നഡത്തിൽ മിഞ്ചഞ്ചെ, മിഞ്ചെ എന്നും പറയുന്നു.

ഉയിരാഴം

depth of life, soul's depth

ഉയിരിന്റെ അല്ലെങ്കിൽ ജീവന്റെ ആഴം. ആഴിയെക്കാളും ആഴമല്ലോ ഉയിരാഴം.

ഉൾച്ചിലമ്പ്

anklet of mind

ഉള്ളിൽ ഒച്ചയുണ്ടാക്കുന്ന ചിലമ്പ്, കാതുകളാൽ കേൾക്കാൻ കഴിയാത്തതും ഉള്ളുകൊണ്ട് അറിയാൻ കഴിയുന്നതുമായ ചില ഒച്ചകൾ.

മഞ്ഞുനിറവ്

fullness of mist

മഞ്ഞിന്റെ നിറവ്. പുലരിയിലും മറ്റും ചുറ്റുപാടാകെ മൂടുന്ന മഞ്ഞ്.
മഞ്ഞുനിറവിൽ കുഞ്ഞുകിളികൾ കൂടിറങ്ങി.